(സി) പ്രസ്തുത തസ്തികകൾ ഇല്ലാത്ത ബ്ലോക്കുകളിൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയിൽ ഒരു ഒഴിവുണ്ട്. ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വകുപ്പിന് കീഴിൽ 108 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ക്ലാർക്ക് തസ്തികയും 73 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്യൺ തസ്തികയും നിലവിലുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക

279 (976) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ സംസ്ഥാനത്ത് പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ ഇന്നേവരെ അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ ഇനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയും ഇതേവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പട്ടികജാതി വികസന പദ്ധതികളിൽ ഏതെങ്കിലും വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷംതന്നെ പൂർണ്ണമായും വിനിയോഗിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി ക്ഷേമത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി വിഹിതമായി 103442 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 21665 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 125107 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.* ഇതിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി.-യ്ക്കായി 92758.40 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.*

(ഡി) വെട്ടിക്കുറച്ചിട്ടില്ല.

(ഇ) പട്ടികജാതി വികസന പദ്ധതികൾക്കായി വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായ നിധി

280 (977) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് മന്ത്രിയുടെ ചികിത്സാ സഹായനിധിയിൽനിന്നും കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ട് ; ഈ തുക ചെലവാക്കിയ വിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചികിത്സാ ധനസഹായത്തിനായി കാസർഗോഡ് ജില്ലയിൽ ചെലവാക്കിയ തുക 2,21,81,400 (രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നൂറ് രൂപ മാത്രം)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly